സമഗ്ര ഭവന പുനരധിവാസ പദ്ധതി

206 (2444) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കീഴിൽ നടപ്പിലാക്കി വരുന്ന ഭവന പദ്ധതികൾ സമന്വയിപ്പിച്ച് സമഗ്ര ഭവന പുനരധിവാസ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതുമൂലം എന്തെല്ലാം നേട്ടങ്ങളും ഗുണങ്ങളുമാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കീഴിൽ നടപ്പിലാക്കി വരുന്ന ഭവന പദ്ധതികൾ സമന്വയിപ്പിച്ച് സമഗ്ര ഭവന പുനധിവാസ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നു. ഭവനം, ടാക്സസ്, റവന്യൂ, ഫിനാൻസ്, നിയമം, തദ്ദേശ സ്വയംഭരണം, സാമൂഹ്യക്ഷേമം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം, ഫിഷറീസ് തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുമായി സഹകരിച്ചാണ് സമഗ്ര ഭവന പുനരധിവാസ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) ഭവന നിർമ്മാണത്തോടൊപ്പം പ്രാഥമിക അടിസ്ഥാന സേവനങ്ങൾ നൽകുന്നതിനും ആവാസ വ്യവസ്ഥയുടെ സുസ്ഥിരവും സമഗ്രവുമായ വികസനത്തിനും കഴിയുന്നതാണ് 'എല്ലാവർക്കും ഭൂമി എല്ലാവർക്കും വീട്' എന്ന പദ്ധതി. പാവപ്പെട്ടവർക്കുവേണ്ടി ഗ്രാമ പ്രദേശങ്ങളിൽ ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരവും നഗരപ്രദേശങ്ങളിൽ രാജീവ് ആവാസ് യോജന പദ്ധതി പ്രകാരവുമുള്ള സഹായധനവും സമാഹരിച്ചും മറ്റും വിവിധ പദ്ധതികളിൽ നിന്നുള്ള ധനസ്രോതസ്സ് ഉപയോഗിച്ചുകൊണ്ടും അധികമായി വേണ്ടിവരുന്ന തുക മറ്റ് സ്രോതസ്സുകളിൽ (നികുതിയില്ലാത്ത ബോണ്ടുകൾ, പലിശയിളവുള്ള വായ്പ, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി തുടങ്ങിയവ) നിന്നും കണ്ടെത്തിയുമാണ് സമഗ്ര ഭവന പുനരധിവാസ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനായി സോഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്. വിവിധ വകുപ്പുകളുടെ ശരിയായ കൂട്ടായ്മയും വിവിധ ഭവന പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ സമഗ്രമായ ഏകോപനത്തിനും, സമയബന്ധിതമായും പ്രത്യേക ദൗത്യ രീതിയിൽ പ്രവർത്തിക്കുന്നതിനുംവേണ്ടി സമഗ്ര ഭവന പുനരധിവാസ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിന്റെയും പദ്ധതി നടപ്പാക്കുന്നതിന്റെയും ചുമതല നിർവ്വഹിക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്ന നിലയ്ക്ക് സർക്കാരിന്റെ അധീനതയിലുള്ള ഒരു പബ്ലിക് കമ്പനി രൂപീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

(ഡി) സമഗ്ര ഭവന പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ധനകാര്യ നിയമ ഭവന വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, നഗരകാര്യ-ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രി, പഞ്ചായത്ത്-സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി, വനം, കായികം വകുപ്പുമന്ത്രി, പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രി, ഗ്രാമവികസന വകുപ്പുമന്ത്രി എന്നിവർ ഉൾപ്പെടുന്ന മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി തയ്യാറാക്കിയ പശ്ചാത്തല വിവരണ റിപ്പോർട്ട് പ്രസ്തുത ഉപസമിതി പരിശോധിച്ചുവരുന്നു.

കട്ടനാട്ടിലെ ഗൃഹശ്രീ പദ്ധതി

207 (2445) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൃഹശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കുട്ടനാട്ടിൽ നിന്നും എത്ര അപേക്ഷകളാണ് ലഭ്യമായതെന്ന് ഗുണഭോക്താക്കളുടെ പേരുസഹിതം വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) ഗൃഹശ്രീ പദ്ധതിക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ ;

(സി) ശ്രീ. മണിക്കുട്ടൻ എം. ബി., മന്നത്തു വീട്, കന്നുമ്മ ഈസ്റ്റ് കാവാലം പി. ഒ. കുട്ടനാട് എന്ന വ്യക്തിയുടെ അപേക്ഷ പരിഗണിച്ച് ഗൃഹശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗൃഹശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കുട്ടനാട്ടിൽ നിന്ന് കാരുണ്യവാന്മാരായ വ്യക്തികളിൽ നിന്ന് 9-ഉം, സർക്കാർ ഇതര സംഘടനകളിൽ നിന്നും 9-ഉം അടക്കം ആകെ 18 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly